കേരള സർക്കാർ

സംഗ്രഹം

K. S. T. A.
STATE COMMITTEE OFFICE
THIRUVANANTHAPURAM-695 014

പൊതു വിദ്യാഭ്യാസ വകുപ്പ് - ഗവൺമെന്റ് /എയ്ഡഡ് സ്ക്കുളുകളിൽ അധികഡിവിഷൻ ഒഴിവുകളിൽ 2006-07 അദ്ധ്യയന വർഷം മുതൽ ഏർപ്പെടുത്തിയിരുന്ന നിയമന നിയന്ത്രണം പിൻവലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവി.ദ്യാഭ്യാസ (ജെ) വകുപ്പ്

**ജി.ഒ (പി) നം. 10/10/പൊ.വി.വ തിരുവനന്തപുരം, തീയതി: 12/01/2010**

---

പരാമർശം: (1) 11/06/2001 ലെ ജി.ഒ (പി) നം.817/01/ധന.
(2) 05/10/2001 ലെ ജി.ഒ.(പി) നം.303/01/പൊ.വി.
(3) 28/12/2001 ലെ ജി.ഒ (പി) നം.377/01/പൊ.വി.
(4) 27/04/2002 ലെ ജി.ഒ.(പി) നം. 80/02/പൊ.വി.
(5) 15/06/2004 ലെ ജി.ഒ.(പി) നം.169/04/പൊ.വി.
(6) 17/08/2005 ലെ ജി.ഒ.(പി) നം.317/05/പൊ.വി.

## ഉത്തരവ്

സർക്കാരിന്റെ വ്യയനിയന്ത്രണത്തിന്റെ ഭാഗമായി പരാമർശം (1) ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഗവ./എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും പുതിയ തസ്തികകൾ സൃഷ്ടിക്കാൻ പാടില്ലെന്ന് നിഷ്ക്കർഷിച്ചു. എന്നാൽ സ്കൂളുകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാതിരുന്നാലുള്ള പ്രയോഗിക ബുദ്ധിമുട്ട് പരിഗണിച്ച്, വിദ്യാഭ്യാസ വകുപ്പ്, മേൽ വ്യയ നിയന്ത്രണ ഉത്തരവിൽ പരാമർശം (2) മുതൽ (6) വരെയുള്ള ഉത്തരവുകൾ പ്രകാരം ചില ഇളവുകൾ വരുത്തുകയും പരാമർശം (6) ലെ ഉത്തരവ് പ്രകാരം അധിക ഡിവിഷൻ ഒഴിവുകളിൽ 2006-07 അദ്ധ്യയന വർഷം മുതൽ നിയമനനിയന്ത്രണം തുടരുന്നതാണെന്ന് നിഷ്കർഷിക്കുകയും ചെയ്തു. എന്നാൽ മേൽ ഉത്തരവ് അവഗണിച്ച് നിരവധി എയ്ഡഡ് സ്കൂൾ മാനേജർമാർ അധിക ഡിവിഷൻ ഒഴിവുകളിൽ അദ്ധ്യാപക /അദ്ധ്യാപകേതര ജീവനക്കാരെ നിയമിക്കുകയുണ്ടായി. ഇപ്രകാരം നിയമിക്കപ്പെട്ടവർക്ക് സർക്കാർ നിയമനാംഗീകാരം നൽകിയില്ല. ഇവർക്ക് നിയമനാംഗീകാരം നൽകണമെന്ന നിരന്തരമായ അഭ്യർത്ഥനകൾ പരിഗണിച്ച് സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും അധിക ഡിവിഷൻ ഒഴിവുകളിൽ 2006-07 അദ്ധ്യയനവർഷം